**കേരള സർക്കാർ**

**നം.1068103(3)/ഡി.എ 2/2016-തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 20.12.2016.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർ വാദം നടത്തുന്നതിന് അഡ്വക്കേറ്റ് മുഖേന ഹാജരാകാതിരിക്കുന്ന നടപടി ഒഴിവാക്കുന്നത്-സംബന്ധിച്ച്.
സൂചന:- അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ 7.12.16ലെ AAG-RT/31508/16/WP(C) നം. കത്ത്

ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ചോദ്യം ചെയ്തു കൊണ്ട് അവരെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന റിട്ട് പെറ്റീഷനുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലപാടുകൾ അഡ്വക്കേറ്റ് മുഖേന വിശദമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ മിക്ക റിട്ട് പെറ്റീഷനുകളിലും ഹർജിക്കാർക്ക് അനുകൂലമായി ഉത്തരവുണ്ടാവുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവുകൾ അസാധുവാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് പൊതുജന താല്പര്യത്തിന് അനുകൂലമായി കാണാനാവില്ല. ടി കേസ്സുകളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് വേണ്ടി അഡ്വക്കേറ്റ് മുഖേന എതിർ വാദം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഉചിതതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കണമെന്നും ബഹു. ഹൈക്കോടതി തന്നെ അഭിപ്രായപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ എതിർ വാദം നടത്തുന്നതിന് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലയേല്പിക്കുകയോ അല്ലെങ്കിൽ ബഹു. ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റ് മുഖേന റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ അവരുടെ വാദം ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചുമതലയേൽപ്പിച്ചവർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർ കക്ഷിയായി ബഹു. ഹൈക്കോടതി ഉൾപ്പെടെ വിവിധ കോടതികൾ മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ എതിർ വാദം നടത്തുന്നതിന് അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കേസുകൾ വിചാരണയ്ക്ക് പരിഗണിക്കുന്ന സമയം അഡ്വക്കേറ്റ് ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. കേസ് നടത്തിപ്പിലെ

വീഴ്ചകൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും ബഹു. ഹൈക്കോടതിയുൾപ്പെടെ വിവിധ കോടതികൾ മുമ്പാകെ നിലനില്ക്കുന്ന കേസുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിച്ച് ആയത് കാലാനുസൃതമാക്കുന്നുണ്ടെന്നും, കേസ് നടത്തിപ്പിന് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തി ആവശ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും, കേസുകൾ പരിഗണിക്കുന്ന വേളയിൽ അഡ്വക്കേറ്റ് ഹാജരായി എതിർവാദം നടത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടുള്ള വിവരം പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധിച്ച് ഉറപ്പു വരുത്തിയിരിക്കേണ്ടതാണെന്നും കർശനമായി നിർദ്ദേശിക്കുന്നു.

**ടി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കും
ഡയറക്ടർ, ഐ & പി. ആർ. ഡി/വെബ് ആൻഡ് ന്യൂമീഡിയ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

**പകർപ്പ് -** തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**